# INDIAN SCHOOL AL WADI AL KABIR

## Final Examination 2023-24

### Malayalam (2nd Lang.)

Date: 05/03/2024 Time Allowed: 3 hours

Class: VII Maximum Marks: 80

---

* **Please check this question paper contains 6 printed pages and 15 questions**.

**1) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക.** **(10 x ½ = 5)**

a) 'കുറുഞ്ഞിപ്പൂക്കൾ ' എന്ന കവിതാസമാഹാരം എഴുതിയതാരാണ് ?

( ബാലാമണിയമ്മ , സുഗതകുമാരി , പി. വത്സല )

b) ശ്രീനാരായണഗുരു ജനിച്ചതെവിടെ ?

( ആലുവ , ശിവഗിരി , ചെമ്പഴന്തി )

c) ' ബാല്യകാലസഖി ' എന്ന നോവൽ എഴുതിയതാര് ?

( പി. കേശവദേവ് , വൈക്കം മുഹമ്മദ് ബഷീർ , ടി. പത്മനാഭൻ )

d) ''സന്താപമേതും മനസ്സിലുണ്ടാകാതെ സന്തുഷ്ടയായ് വസിച്ചീടുക മാതാവും'' ഇങ്ങനെ പറഞ്ഞതാര് ?

( ശ്രീരാമൻ , ഭരതൻ , ശത്രുഘ്നൻ )

e) അരാക്നി ഭയപ്പെട്ടതെപ്പോൾ ?

(അഥീനി ദേവിയുടെ ഉജ്ജ്വലകാന്തി കണ്ടപ്പോൾ , ദേവന്മാരെ കണ്ടപ്പോൾ, വിദഗ്ധരെ കണ്ടപ്പോൾ )

f) സഹിക്കവയ്യാത്ത സങ്കടത്തോടെ മജീദ് ആരോടാണ് തന്റെ ആവലാതി പറഞ്ഞത് ?

( സുഹ്റയോട് , വാപ്പയോട് , ഉമ്മയോട് )

g) താൻ സന്തോഷിച്ചാൽ ആർക്ക് സന്തോഷമുണ്ടാകും എന്നാണ് നാണു വിചാരിച്ചിരുന്നത് ?

( ബന്ധുക്കൾക്ക് , സ്ത്രീകൾക്ക് , ദൈവത്തിന് )

h) അരാക്നി വരച്ച ചിത്രത്തിന്റെ മധ്യഭാഗത്ത് ആരുടെ ചിത്രമാണ് ഉണ്ടായിരുന്നത് ?

( ദേവന്മാരുടെ , അരാക്നിയുടെ , പെൺകുട്ടിയുടെ )

i) താഴെ കൊടുത്തിട്ടുള്ളവയിൽ ശ്രീനാരായണഗുരുവിന്റെ കൃതി ഏത് ?

( അദ്ധ്യാത്മരാമായണം , ദൈവദശകം , കൈവല്യനവനീതം )

j) ആധുനിക മലയാളഭാഷയുടെ പിതാവായി അറിയപ്പെടുന്ന മഹാകവി ആരാണ് ?

( കുഞ്ചൻ നമ്പ്യാർ , ചെറുശ്ശേരി , എഴുത്തച്ഛൻ )

**2) ശരിയായ അർത്ഥം എടുത്തെഴുതുക.** **(8x ½= 4)**

| | |
|---|---|
| a) കംബളം | ( ഉടുപ്പ് , പുതപ്പ് , മേലാപ്പ് ) |
| b) ജഗത്ത് | ( ഭവനം , ലോകം , രോഗം ) |
| c) മന്ത്രിക്കുക | ( മറയുക , പിരിയുക , പറയുക ) |
| d) കൗതുകം | ( താല്പര്യം , നീരസം , ആഗ്രഹം ) |
| e) തീണ്ടൽ | ( അശുദ്ധി , അനിഷ്ടം , അവസരം ) |
| f) ശാപ്പിടുക | ( ശിക്ഷിക്കുക , രക്ഷിക്കുക , ഭക്ഷിക്കുക ) |
| g) സ്തുതി | ( പ്രകാശം , പ്രശംസ , പ്രതീക്ഷ ) |
| h) നോവ് | ( നിനവ് , നനവ് , വേദന ) |

**3) ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക.** **(6x 1= 6)**

| | |
|---|---|
| a) പുഞ്ചിരി | ( സ്മിതം , അഴൽ , സ്മേരം , മുകിൽ ) |
| b) ദൈവം | ( നരൻ , പരൻ , ഈശ്വരൻ , മാനവൻ ) |
| c) സത്യം | ( നന്മ , തിന്മ , ഉണ്മ , നേര് ) |
| d) വീട് | ( ഗൃഹം , ഭുവനം , ഭവനം , ഗ്രഹം ) |
| e) ഗാനം | ( കദനം, ഗീതം , ശാഖി , പാട്ട് ) |
| f) സ്ത്രീ | ( നാരി , മേദിനി , വനിത , വാണി ) |

**4) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക.** **(6x ½= 3)**

a) അർനവം / അർണവം / അർവണം

b) അങ്ങുരിക്കുക / അങ്കുരിക്കുക / അക്കുരിക്കുക

c) ഗർജ്വനം / ഗർജ്ജനം / ഗർജ്ജ്വനം

d) വികൃതി / വികൃദി / വികൃത്തി

e) ആദരണീയൻ / ആധരണീയൻ / ആതരണീയൻ

f) പ്രാർത്തന / പ്രാർധന / പ്രാർത്ഥന

**5) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക.** **(5x 1= 5)**

a) അരാക്നിയെ / സമ്മാനം / കൊടുക്കും / പുകഴ്ത്തിപ്പറയുന്നവർക്ക്

b) നാരായണൻ / ആയത് / ലോപിച്ചാണ് / നാണു / എന്ന പേര്

c) നാണു / വിധത്തിൽ / അസാധാരണമായ / പെരുമാറിയിരുന്നു / തികച്ചും

d) തന്റെ / തിരിച്ചറിഞ്ഞ് / തെറ്റുകൾ / ഷൈലോക്ക് / മനുഷ്യനായി / നല്ല

e) അപേക്ഷിച്ചു / ഹൃദയപൂർവം / ജഗന്നിയന്താവിനോട് / മജീദ്

**6) വിപരീതപദം എഴുതുക.** **(8x ½= 4)**

a) പുകഴ്ത്തുക b) സുന്ദരം

c) ശിക്ഷ d) സത്യം

e) വരം f) അവസരം

g) മറന്നു h) ശ്രദ്ധ

**7) വിഗ്രഹിച്ചെഴുതുക.** **(2x ½= 1)**

a) രോഷാകുല b) ചിത്രകംബളം

**8) അർത്ഥവ്യത്യാസം എഴുതുക** **(4x 1= 4)**

a) ആശു – അശ്രു b) തായ – തനയ

c) താര് – താരം d) വനം - വാനം

**9) ചേർത്തെഴുതുക** **(4x ½= 2)**

a) വേണം + എങ്കിൽ b) കിളികൾ + ഇല്ല

c) തല + ആട്ടുക d) എതിര് + ഉണ്ടാവില്ല

**10) പിരിച്ചെഴുതുക** **(4x ½= 2)**

a) അഞ്ചാറ് b) കുറവില്ല

c) ചിറകൊടിഞ്ഞ d) അവളെക്കുറിച്ച്

**11)** പാഠഭാഗത്തിലേതു പോലെ കവിത പൂർത്തിയാക്കുക. (6 വരി ) **(6)**

ഒരു പാട്ടു -----------------------------------

-------------------------------------------------

----------------------------------------- പാടിടുന്നു !

12) **മൃഗശാല സന്ദർശിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് മൃഗശാലാ സൂപ്രണ്ടിന് ഒരു കത്ത് തയ്യാറാക്കുക.** **(4)**

13) **ഏതെങ്കിലും 8 പച്ചക്കറികളുടെ പേര് മലയാളത്തിൽ എഴുതുക.** **(4)**

14) **താഴെ തന്നിട്ടുള്ള ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**(10 x 2½ = 25)**

1) ദൂരെ നിന്നു പോലും ആളുകൾ അരാക്നിയുടെ അരികിൽ വന്നിരുന്നതെന്തിന് ?
2) ദൈവത്തിന് എതിരുണ്ടാവില്ല എന്ന് നാണു വിചാരിച്ചത് എന്തു കൊണ്ടാണ് ?
3) പക്ഷിയുടെ പാട്ട് കേൾക്കാൻ വേണ്ടി കാത്തിരിക്കുന്നത് ആരെല്ലാമാണ് ?
4) ദശരഥ മഹാരാജാവ് കൈകേയിക്ക് നൽകിയ രണ്ട് വരങ്ങൾ ഏതെല്ലാം ?
5) പക്ഷിയുടെ ഏകാന്തത കവയിത്രി പ്രകടിപ്പിക്കുന്നതെങ്ങനെ ?
6) കുട്ടിയായിരുന്നപ്പോൾ നാണുവിന്റെ രസകരമായ വിനോദം എന്തായിരുന്നു ?
7) അഥീനി ദേവി അരാക്നിയെ ശപിച്ചതെങ്ങനെ ?
8) സമപ്രായക്കാരായ കുട്ടികളിൽ നിന്നും നാണുവിനുണ്ടായിരുന്ന പ്രത്യേകതയെന്ത്?
9) അഥീനി ദേവി ഏത് വേഷത്തിലാണ് അരാക്നിയുടെ അരികിൽ എത്തിയത് ?
10) പതിവു പോലെ കൊത്തിപ്പിരിഞ്ഞു പോയത് ആരെല്ലാമാണ് ?
11) മജീദിന്റെ കണക്കുകളെല്ലാം ശരിയായിത്തുടങ്ങിയത് എപ്പോൾ ? എങ്ങനെ ?
12) എന്തു കൊണ്ടാണ് ഇപ്പോൾ ഭുജിക്കാൻ സമയമില്ലെന്ന് ശ്രീരാമൻ മാതാവിനോട് പറയുന്നത് ?

**15) താഴെ തന്നിട്ടുള്ള ഖണ്ഡിക ശ്രദ്ധയോടെ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **( 5 x 1= 5)**

വെനീസിലെ നല്ലവനും കരുണയുള്ളവനുമായ ഒരു വ്യാപാരിയാണ് അന്റോണിയോ. ധാരാളം ചരക്കുകപ്പലുകളുള്ള അദ്ദേഹം, പാവങ്ങൾക്ക് പലിശയില്ലാതെ പണം കടം കൊടുക്കുമായിരുന്നു. അന്റോണിയോയുടെ ഈ സ്വഭാവശുദ്ധിയിൽ അമർഷമുള്ള മറ്റൊരു ധനികനാണ് ഷൈലോക്ക്. അന്റോണിയോയെ ഏതു വിധേനെയും വകവരുത്തണമെന്നൊരാഗ്രഹം അയാളുടെ മനസ്സിൽ ജനിച്ചിട്ട് കുറച്ചു നാളായി. അതിനായി തക്കം പാർത്തിരിക്കുകയിരുന്നു അയാൾ. കഥ നടക്കുന്ന സമയം അന്റോണിയോയുടെ ചരക്കുകപ്പലുകൾ ഒന്നൊന്നായി തകർന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നിരുന്നാലും പണം ആവശ്യപ്പെട്ട തന്റെ സുഹൃത്തായ ബസാനിയോയ്ക്ക് അയാൾ സഹായം ചെയ്യുന്നുണ്ടായിരുന്നു. അറ്റകൈയ്ക്ക് അന്റോണിയോ ഷൈലോക്കിന്റെയടുത്ത് ചെന്നു. അയാളെ വഞ്ചിക്കണമെന്ന ഉദ്ദേശ്യമുണ്ടായിരുന്ന ഷൈലോക്ക് ഈ അവസരം കളഞ്ഞു കുളിക്കാൻ ആഗ്രഹിച്ചില്ല.

ബസാനിയോയ്ക്ക് മൂവായിരം പണം കടം കൊടുക്കാനുള്ള കരാർ അയാൾ ഇപ്രകാരം എഴുതി: 'പറഞ്ഞ സംഖ്യ പറഞ്ഞ സമയത്ത് തന്നില്ലെങ്കിൽ പിഴയായി നിങ്ങളുടെ സുന്ദരമായ ശരീരത്തിൽ നിന്നും ഒരു റാത്തൽ മാംസം അറുത്തെടുക്കാൻ എനിക്കവകാശമുണ്ട്.'അന്റോണിയോ സമ്മതിച്ചു. കരാറിൽ പറഞ്ഞിരിക്കുന്ന സമയത്തിനു മുമ്പേ പണം മടക്കിക്കൊടുക്കാമെന്നൊരു ചിന്ത അയാൾക്കുണ്ടായി. നിർഭാഗ്യമെന്നു പറയട്ടെ , അയാൾ കൂടുതൽ നിസ്വനാവുകയാണുണ്ടായത്. പക നിറഞ്ഞ വാശി ഷൈലോക്കിനെ കൂടുതൽ ദുഷ്ടനാക്കി. കരാർ നടപ്പിലാക്കാൻ തന്നെ അയാൾ തീരുമാനിച്ചു.ഈ കൊടും ക്രൂരതയിൽ നിന്ന് ഷൈലോക്കിനെ പിന്തിരിപ്പിക്കാൻ പലരും ശ്രമിച്ചു. നിഷ്ഫലമായ ശ്രമം. രാജാവ് പോലും നിസ്സഹായനായി. ശിക്ഷ നടപ്പാക്കാൻ നീതിന്യായക്കോടതിക്കു മുൻപിൽ വാദിയും പ്രതിയും എത്തിച്ചേർന്നു.

**<u>ചോദ്യങ്ങൾ</u>**

1) വെനീസിലെ നല്ലവനും കരുണയുള്ളവനുമായ വ്യാപാരി ആരായിരുന്നു ?
2) ഷൈലോക്ക് തക്കം പാർത്തിരുന്നത് എന്തിന് വേണ്ടിയായിരുന്നു ?
3) അന്റോണിയോ ഷൈലോക്കുമായി ഉണ്ടാക്കിയ കരാർപത്രം എപ്രകാരമായിരുന്നു ?
4) ഷൈലോക്കിനെ കൂടുതൽ ദുഷ്ടനാക്കിയത് എന്താണ് ?
5) ശിക്ഷ നടപ്പാക്കാൻ വാദിയും പ്രതിയും  എവിടെയാണ് എത്തിച്ചേർന്നത് ?

***